(സി) ഇതിനുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ;

(ഡി) ഈ സ്കീം പ്രകാരം എന്തുമാത്രം തോട്ടണ്ടി കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഉൽപ്പാദിപ്പിച്ചു ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ,

(എ) 1980 സെപ്റ്റംബറിൽ.

(ബി) ഉണ്ട്.

(സി) 612.324 ലക്ഷം രൂപ.

(ഡി) ഈ സ്കീം പ്രകാരം നട്ടുപിടിപ്പിച്ചിട്ടുള്ള കശുമാവിൽ നിന്നുള്ള കശുവണ്ടി ഉൽപ്പാദനം തുടങ്ങുന്നതേയുള്ളൂ.

ശ്രീ. എ.കെ. പത്മനാഭൻ : ലോകബാങ്കിന്റെ സഹായം ഈ മന്ത്രി സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് സ്കീമിനു ലഭിക്കുമെന്ന് ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞു. എത്ര കോടി രൂപയാണ് ഇതുവരെ ഈ ഇനത്തിൽ സഹായമായി ലഭിച്ചിട്ടുള്ളത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, 291.45 ലക്ഷം രൂപ.

ശ്രീ. എ. കെ. പത്മനാഭൻ : ഈ പദ്ധതി ആരംഭിച്ചു തുടങ്ങി എന്നാണ് പറഞ്ഞത്. ഇത് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : 1986 സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കിയതാണ്. ഗവൺമെന്റുമായി കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് അത് എക്സ്റ്റെൻഡ് ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി

* 320. [346] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളാണ് അതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) ഈ പ്രവർത്തനങ്ങൾ എന്നു പൂർത്തിയാകും ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്. ഒരു പരീക്ഷണമെന്ന നിലയിൽ.

(ബി) ആർ. ഇ. സി. യുടെ ഇൻഡ്യയൊട്ടുക്ക് നടത്താനുദ്ദേശിക്കുന്ന ഒരു പരിപാടിയുടെ ഭാഗമായി ഒരു പരീക്ഷണമെന്ന നിലയിൽ നെയ്യാറിൻകരയ്ക്കടുത്ത് ചാത്തൻകോട് ട്രൈബൽ കോളനി പ്രദേശത്തും മലബാറിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇരട്ടിയിലും 10 സോളാർ പാനൽ തെരുവു വിളക്കുകൾ വീതം സ്ഥാപിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് നടപടിയെടുത്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി, അട്ടപ്പാടി ഗിരിവർഗ്ഗ പ്രദേശം, വടക്കാഞ്ചേരി ബ്ലോക്ക്, കൊല്ലം ജില്ലയിലെ ഇലക്ട്രോണിക് പാർക്ക്, മറ്റു 12 പഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 20 സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതാണ്.

(സി) ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി ഏറ്റെടുത്ത ജോലി ഉടനെ പൂർത്തിയാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ചെറുകിട കർഷകർക്ക് ആനുകൂല്യങ്ങൾ

* 321. [347] ശ്രീ. എം. കെ. കേശവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസഹായത്തോടെ ചെറുകിട നാമമാത്ര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു ;

(ബി) ഇവർക്ക് പമ്പ്സെറ്റ് ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉദാരമാക്കിയിട്ടുള്ളത് ;

(സി) ഇതനുസരിച്ച് ചെറുകിട കർഷകനും നാമമാത്ര കർഷകനും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. സുന്ദരൻ നാടാർ) :

(എ) ചെറുകിട നാമമാത്ര കർഷകർക്ക് കേന്ദ്രസഹായത്തോടെ കൃഷി വകുപ്പു മുഖേന "മിനി കിറ്റ്" പരിപാടിയനുസരിച്ച് പയർ, നിലക്കടല, എള്ള് എന്നീ വിത്തുകളും തെങ്ങിൻതൈകളും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഇതു കൂടാതെ ഭൂവികസന പ്രവർത്തനങ്ങൾക്ക് സബ്സിഡിയും, ഗ്രാമീണ വികസനവകുപ്പു മുഖേന പമ്പ്സെറ്റ് വിതരണവും നടത്തിവരുന്നു.

(ബി, സി) ചെറുകിട കർഷകന് 25% നിരക്കിലും നാമമാത്ര കർഷകന് 33⅓% നിരക്കിലും പമ്പ്സെറ്റ് സബ്സിഡി ലഭിക്കത്തക്കവിധത്തിൽ നിയമങ്ങൾ ഉദാരമാക്കിയിട്ടുണ്ട്.

റേഷൻഷോപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന അരിയും ഭക്ഷ്യധാന്യങ്ങളും

* 322. [348] ശ്രീ. കെ. മൂസ്സക്കുട്ടി :
,, ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ ഷോപ്പുകളിൽക്കൂടി വിതരണം ചെയ്യുന്നതിന് നൽകുന്ന അരിയും മറ്റു ഭക്ഷ്യധാന്യങ്ങളും പലപ്പോഴും ഗുണനിലവാരം കുറഞ്ഞതാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly